# അക്കാദമിക മാസ്റ്റർ പ്ലാൻ – പ്രവർത്തന പദ്ധതി 2025-26

## ലക്ഷ്യങ്ങൾ

- അക്കാദമിക മികവ് നേടുക.
- കുട്ടികളെ ആകർഷിക്കുന്ന തരത്തിൽ പഠനാന്തരീക്ഷവും ഭൗതിക സൗകര്യങ്ങളും ഒരുക്കൽ.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കാനായി അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി ചെയ്യൽ.

## വിദ്യാലയം മികവിൻെറ കേന്ദ്രം – കാഴ്ചപ്പാട്

1. പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ.
2. ശുചിത്വം ദീനാനുകമ്പ തുടങ്ങിയ മൂല്ല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
3. സ്കൂൾ: മികവിൻെറ കേന്ദ്രം എന്ന ധാരണ സമൂഹത്തിൽ എത്തിക്കൽ.
4. അന്താരാഷ്ട്ര ഭാഷയായ ഇംഗ്ലീഷിനെ കൂടുതൽ അടുത്തറിയാനും ഇതിൽ പ്രാവീണ്യം നേടാനും പ്രത്യേക പരിശീലന പരിപാടികൾ.
5. കുട്ടികളിലുള്ള സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിനു പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുക.

| പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ | | |
|---|---|---|
| **തീയതി** | **യോഗം** | **തീരുമാനങ്ങൾ** |
| 12-05-2025 | എസ്.ആർ.ജി | കരട്റിപ്പോർട്ട് തയ്യാറാക്കൽ തീരുമാനിച്ചു (അക്കാദമിക മാസ്റ്റർ പ്ലാൻ) |
| 26-05-2025 | പി.ടി.എ | കരട് റിപ്പോർട്ട് – അവതരണം ചർച്ച |
| 28-05-2025 | എസ്.ആർ.ജി | പ്രവർത്തന കലണ്ടർ തയ്യാറാക്കൽ |
| 02-06-2025 | എസ്.ആർ.ജി | അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം |

# അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം

**പ്രവർത്തനം–1**

- ഇംഗ്ലീഷ് അസംബ്ലി
- ഉപമേഖല : ഭാഷാപഠനം ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കൽ, അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ | എല്ലാ വെള്ളിയാഴ്ചയും | ക്ലാസ്സ് ടീച്ചർ |

**പ്രവർത്തനം 2**

- ഇംഗ്ലീഷ് ഡയറി – 4-ാം ക്ലാസ്സ്
- ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക |

**പ്രവർത്തനം–3**

- ഇംഗ്ലീഷ് അസംബ്ലി
- ഉപമേഖല : ഭാഷാപഠനം ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലി യുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കൽ, അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ | എല്ലാ വെള്ളിയാഴ്ച യും | ക്ലാസ്സ് ടീച്ചർ |

**പ്രവർത്തനം –3**

- ഇംഗ്ലീഷ് തീയറ്റർ
- ഉപമേഖല – ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർ ത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദി ച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേയ്ക്ക് മാറ്റി എഴുതി സദസ്സിനു മുമ്പാ കെ അവതരിപ്പിക്കൽ ഉദാ : സ്ക്രിപ്റ്റ്, കോൺ വർസേഷൻ, ഡ്രാമ,...... | പ്രതിമാസം | എച്ച്.എം., ഇംഗ്ലീഷ് അദ്ധ്യാപകർ |

| | | | |
|---|---|---|---|
| **പ്രവർത്തനം – 4**<br>❖ ഇംഗ്ലീഷ് ഫെസ്റ്റ്<br>❖ ഉപമേഖല : ഇംഗ്ലീഷ് പഠനം | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേയ്ക്ക് എത്തിക്കൽ | അക്കാദമിക വർഷം മുഴുവനും ദിവസം ഒരു മണിക്കൂർ വിദേശികളുമായി ഇടപഴകാൻ അവസരം നൽകൽ / ഇംഗ്ലീഷ് ഫെസ്റ്റ് നടത്തൽ | വർഷം മുഴുവൻ | എച്ച്.എം., അദ്ധ്യാപകർ |
| **പ്രവർത്തനം – 5**<br>❖ ഇംഗ്ലീഷിൽ കത്തെഴുത്ത്<br>❖ ഉപമേഖല : ഇംഗ്ലീഷ് പഠനം | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | ഓണം, ക്രിസ്തുമസ്, മദ്ധ്യ വേനലവധിക്കാലം തുടങ്ങിയവ ചിലവഴിച്ചതിന്റെ വിശേഷങ്ങൾ മറ്റു കുട്ടികളുമായി പങ്കുവെയ്ക്കൽ | ടേമിൽ ഒന്നു വീതം | ക്ലാസ് ടീച്ചർ |
| **പ്രവർത്തനം – 6**<br>❖ ഇംഗ്ലീഷ് കോർണർ<br>❖ ഉപമേഖല ഇംഗ്ലീഷ് പഠനം | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സ്ര്ഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ് |

| | | | |
|---|---|---|---|
| | പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്വരൂപിക്കൽ | | |

**പ്രവർത്തനം –7**

- ❖ രചനാ ശിൽപ ശാല
- ❖ ഉപമേഖല : മാതൃഭഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാ സാമഗ്രികളുടെ നിർമ്മാണം | ❖ കഥയരങ്ങ്, കവിയരങ്ങ്, രചനാ ശിൽപശാല എന്നിവ സംഘടിപ്പിക്കൽ.<br>❖ രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ<br>❖ ക്ലാസ്സ് മുറിയിലെ പഠന സാമാഗ്രിയായി മേൽപറഞ്ഞ ഉത്പന്നങ്ങളെ ഉപയോഗിക്കൽ. | വർഷത്തിൽ രണ്ടു പ്രാവശ്യം. | വിദ്യാരംഗം കലാസാഹിത്യ വേദി |

**പ്രവർത്തനം – 8**

- ❖ സർഗ്ഗ സല്ലാപം
- ❖ ഉപമേഖല : ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ, അവരുടെ വായന, എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കൽ, പ്രസിദ്ധീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം. | എച്ച്.എം., പി.ടി.എ. |

| | | | |
|---|---|---|---|
| **പ്രവർത്തനം – 9**<br>❖ ഗ്രന്ഥശാലാ ശാക്തീകരണം<br>❖ ഉപമേഖല : ഭാഷാ ശേഷികളുടെ വികസനം | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥ ശാലയിലേയ്ക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ, പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്.എം., പി.ടി.എ. |
| **പ്രവർത്തനം – 10**<br>❖ നാടക കളരി<br>❖ ഉപമേഖല : ഭാഷാശേഷികളുടെ വികസനം | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേയ്ക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ, ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്ക്കരണം | വർഷത്തിൽ ഒരു തവണ (സ്ക്കൂൾ വാർഷീകാഘോഷം) | ആർട്ട്സ് ക്ലബ് |
| **പ്രവർത്തനം – 11**<br>❖ പാവനാടക പരിശീലന ശിൽപശാല<br>❖ ഉപമേഖല : സർഗ്ഗാത്മക വികസനം | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിൻെറ അവതരണവും | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി |

| പ്രവർത്തനം – 12<br>❖ ദിനാചരണങ്ങൾ<br>❖ ഉപമേഖല : സമഗ്രവികസനം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ<br>എസ്.ആർ.ജി-യിൽ രൂപ പ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനു സരണം | എസ്.ആർ.ജി |

| പ്രവർത്തനം – 13<br>❖ ഒറിഗാമി ശിൽപശാല<br>❖ ഉപമേഖല : അക്കാദമികം, ഗണിത സേഷികൾ | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷികളു ടെ വികാസവും | ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കൽ, അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ജി.ആർ |

| പ്രവർത്തനം – 14<br>❖ ഗണിത ലാബ് സജ്ജീകരിക്കൽ<br>❖ മേഖല/ഉപമേഖല : അക്കാദമിക/ഗണിതം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ക്ലാസ്സ് മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വ ച്ച് ഗണിതക്ലാസ്സ് നടത്തൽ | ആവശ്യാനു സരണം | ക്ലാസ്സ് ടീച്ചർ |

| പ്രവർത്തനം – 15<br>❖ മേളകൾ<br>❖ മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപ ജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ്ബ് |

| പ്രവർത്തനം – 16<br>❖ പഠനയാത്രകൾ<br>❖ മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യശാസ്ത്രം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിനു | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേയ്ക്ക് നടത്തുന്ന പഠനയാത്രകൾ | ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | എസ്.ആർ.ജി. |

| പ്രവർത്തനം – 17<br>❖ ബുള്ളറ്റിൻ ബോർഡ്<br>❖ മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യശാസ്ത്രം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | കുട്ടികൾ, അദ്ധ്യാപകർ |

<table>
<tr><td colspan="4">പ്രവർത്തനം – 18<br>❖ ചിത്രരചനാക്കളരി<br>❖ മേഖല/ഉപമേഖല: അക്കാദമികം/കലാ-വിദ്യഭ്യാസം</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td><td>ചുമതല</td></tr>
<tr><td>ചിത്രരചനയിൽ പ്രാവീണ്യം നേടൽ</td><td>വെള്ളിയാഴ്ച ദിവസങ്ങളിൽ ഉച്ചയ്ക്ക് ചിത്രരചനാ പരിശീലനം.</td><td>ആഴ്ചയിൽ ഒരു ദിവസം</td><td>എച്ച്.എം</td></tr>
<tr><td colspan="4">പ്രവർത്തനം – 19<br>❖ കായിക പരിശീലനം<br>❖ അക്കാദമികം / കായിക വിദ്യഭ്യാസം</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td><td>ചുമതല</td></tr>
<tr><td>കായിക പരിശീലനം കാര്യക്ഷമമാക്കൽ</td><td>രാവിലെയും വൈകുന്നേരവും കായിക പരിശീലനം / കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ</td><td>ആഴ്ചയിൽ ഒരു ദിവസം</td><td>കായിക അദ്ധ്യാപകൻ (എച്ച്.എസ്) പി.ടി.എ.</td></tr>
<tr><td colspan="4">പ്രവർത്തനം – 20<br>❖ മെഡിക്കൽ ക്യാമ്പ്<br>❖ അക്കാദമികം</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td><td>ചുമതല</td></tr>
<tr><td>ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ</td><td>വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ</td><td>വർഷത്തിൽ ഒന്ന്</td><td>എച്ച്.എം. പി.ടി.എ.</td></tr>
<tr><td colspan="4">പ്രവർത്തനം – 21<br>❖ ജൈവ വൈവിധ്യ പാർക്ക്<br>❖ അക്കാദമികം</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td><td>ചുമതല</td></tr>
<tr><td>പ്രകൃതിയെ അടുത്തറിയാൻ അവസരം ഒരുക്കൽ</td><td>സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ</td><td>ഒരു തവണ</td><td>എസ്.ആർ.ജി</td></tr>
</table>

| പ്രവർത്തനം – 22<br>❖ ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ<br>❖ മേഖല : അക്കാദമികം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ. കൃത്യമായ അജണ്ട വെച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതു ചർച്ച എന്നിവ ഉണ്ടാകണം. | പ്രതിമാസം | ക്ലാസ്സ് ടീച്ചർ |

| പ്രവർത്തനം – 23<br>❖ ജന്മദിനത്തിനൊരു പുസ്തകം<br>❖ മേഖല : അക്കാദമികം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ്സ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ഗ്രന്ഥ ശാലയിലേയ്ക്ക് സംഭാവന ചെയ്യുന്നു. | എല്ലാ ജന്മദിനങ്ങളി ലും. | ക്ലാസ്സ് ടീച്ചർ, ലീഡർ |

| പ്രവർത്തനം – 24<br>❖ വർക്ക്ഷീറ്റ് നിർമ്മിക്കൽ<br>❖ മേഖല : അക്കാദമികം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചുകഴിഞ്ഞ ബാലസാഹിത്യ വാരികകളിലേയും മാസികകളിലേയും ചിത്രങ്ങൾ ഒരു പേപ്പറിൻെറ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. ഇതിനു അനുയോജ്യമായ അടിക്കുറുപ്പ്, കഥ, അവിത വിതരണം എന്നിവ എഴുതിച്ചേർത്ത് വർക്ക് ഷീറ്റ് തയ്യാറാക്കൽ | മാസത്തിൽ ഒന്ന് | എസ്.ആർ.ജി ക്ലാസ്ടിച്ചർ |

| | | | |
|---|---|---|---|
| **പ്രവർത്തനം – 25**<br>❖ മൺമറഞ്ഞ ആഹാരം<br>❖ മേഖല : അക്കാദമികം | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ. ഫാസ്റ്റ് ഫുഡിൻെറ ഗുണദോഷങ്ങളെ കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ. | ഫുഡ് ഫെസ്റ്റ് (ജൈവം)<br><br>കടകളിൽ നിന്നും വാങ്ങുന്നതും വീട്ടിൽ ഉണ്ടാക്കുന്നതുമായ ഇവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപ്പെടുത്തുന്നു. അതിലെ ചേരുവകൾ ഉൾപ്പെടുത്തി പതിപ്പു തയ്യാറാക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം. | അധ്യാപകർ എം.പി.ടി.എ. |
| **പ്രവർത്തനം – 26**<br>❖ യോഗപരിശീലന കേന്ദ്രം<br>❖ മേഖല : ഭൗതികം | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായു സഞ്ചാരമുള്ള ഒരു മുറി യോഗാ പരിശീലനത്തിനു വേണ്ടി സജ്ജമാക്കൽ (ആവശ്യമായ യോഗ മാറ്റ്) | ആഴ്ചയിൽ ഒരു ദിവസം | പി.ടി.എ. അധ്യാപകൻ (യോഗ പരിശീലകരെ സ്കൂളിൽ കൊണ്ടുവന്ന് പരിശീലനം നൽകൽ) |
| **പ്രവർത്തനം – 27**<br>❖ ഗൃഹസന്ദർശനം<br>❖ മേഖല : സാമൂഹികം | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| വിദ്യാർത്ഥികളുടെ സാമൂഹിക സാംസ്ക്കാരിക സാമ്പത്തിക പശ്ചാത്തലം വിലയിരുത്തൽ, സ്കൂളിൽ പ്രവേശനം നൽകാനായി | സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വീടുകൾ അധ്യാപകർ പി.ടി.എ. പ്രതിനിധികൾ എന്നിവർ സന്ദർശിച്ച് വിവരശേഖരണം നടത്തുന്നു. | വർഷത്തിൽ ഒരു തവണ | എച്ച്.എം, പി.ടി.എ. അധ്യാപകൻ |

<table>
<tr><td>കുട്ടികളെ<br>കണ്ടെത്തൽ</td><td></td><td></td><td></td></tr>
<tr><td colspan="4">പ്രവർത്തനം – 28<br>❖ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കാനായി 'പിന്നോക്കം ടു മുന്നോക്കം'<br>❖ അക്കാദമികം</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td><td>ചുമതല</td></tr>
<tr><td>ഭാഷയിൽ വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി വേണ്ട പരിശീലനം നൽകി മുൻ നിരയിലെത്തിക്കൽ</td><td>❖ മലയാളത്തിളക്കം ഭാഷാപോഷണ പരിപാടി<br>❖ ശ്രദ്ധ<br>❖ അക്ഷരദീപം<br>❖ ഭാഷാ കേളികൾ<br>❖ വർക്ക് ഷീറ്റുകൾ</td><td>മൂന്നു മാസം</td><td>ക്ലാസ്സ് അധ്യാപകർ</td></tr>
<tr><td colspan="4">പ്രവർത്തനം – 29<br>❖ സസ്നേഹം<br>❖ അക്കാദമികം</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td><td>ചുമതല</td></tr>
<tr><td>പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മറ്റു കുട്ടികൾക്കൊപ്പം എത്തിക്കൽ</td><td>❖ CWSN കുട്ടികളുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനു ക്ലാസിലെ സമർത്ഥരായ കുട്ടികളെ ഉൾപ്പെടുത്തൽ.<br>❖ വർക്ക്ഷീറ്റുകൾ ചെയ്യുന്നതിനു മറ്റു കുട്ടികളുടെ സഹായം ലഭ്യമാക്കൽ</td><td>വർഷം മുഴുവൻ</td><td>ക്ലാസ്സ് അധ്യാപകർ, ബി.ആർ.സി (IEDC അധ്യാപകർ).</td></tr>
</table>

| പ്രവർത്തനം – 30<br>❖ പെൺകരുത്ത്<br>❖ സാമൂഹികം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| പെൺകുട്ടുകളെ എല്ലാ മേഖലകളിലും മുൻ പന്തിയിലേയ്ക്ക് കൊണ്ടുവരൽ | ❖ ആരോഗ്യ കായിക പ്രവർത്തനങ്ങളിൽ പെൺകുട്ടികൾക്ക് പ്രാതിനിധ്യം നൽകൽ.<br>❖ ശാരിരിക മാനസിക വ്യക്തിത്വ വികസനത്തിനു പ്രത്യേക ബോധവൽക്കരണം സ്കൂൾ വാർഷീകാ ഘോഷത്തിൽ.<br>❖ നടത്തിപ്പ് ചുമതല അവരെ ഏൽപ്പിക്കൽ<br>❖ വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ ചുമതലകൾ നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്.എം. അധ്യാപകർ |
| പ്രവർത്തനം – 31<br>❖ വിടരും മൊട്ടുകൾ<br>❖ മേഖല : അക്കാദമികം<br>❖ ഉപമേഖല : വായനാശേഷി/ഭാഷാശേഷി/വായന | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| വായനയിൽ തുടക്കക്കാരായ കുട്ടികൾക്കായ് പ്രോത്സാഹനം | വായിച്ചു തുടങ്ങുന്ന കുട്ടി കൾക്ക് അനുയോജ്യമായ ടെക്സ്റ്റുകൾ ഉൾപ്പെടുത്തി ക്കൊണ്ട് ആകർഷകമായ ലഘു പുസ്തകങ്ങൾ തയ്യാറാ ക്കുന്നു.<br>“വിടരും മൊട്ടുകൾ” | 3 മാസം | അധ്യാപകർ പി.ടി.എ. |

<table>
<tr><td colspan="4">പ്രവർത്തനം – 32<br>❖ എൻെറ പുസ്തകം<br>❖ മേഖല : അക്കാദമികം<br>❖ ഉപമേഖല : ശാസ്ത്രാഭിരുചി</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td><td>ചുമതല</td></tr>
<tr><td>കുട്ടികളിലെ നിരീക്ഷണ പാടവം വളർത്തൽ</td><td>കുട്ടികളുടെ നിരീക്ഷണങ്ങളും പ്രകൃതിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ചിത്രങ്ങളും ചേർത്തു വയ്ക്കാൻ ഓരോ കുട്ടിക്കും ഓരോ നോട്ടുബുക്ക്. “എൻെറ പ്രകൃതി പുസ്തകം”</td><td>വർഷം മുഴുവൻ</td><td>ശാസ്ത്ര അധ്യാപിക</td></tr>
<tr><td colspan="4">പ്രവർത്തനം – 33<br>❖ ഗണിത ജാലകം<br>❖ മേഖല : അക്കാദമികം<br>❖ ഉപമേഖല : ഗണിതം</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td><td>ചുമതല</td></tr>
<tr><td>ഗണിതാഭിരുചിയും ഗണിതാസ്വാദന ശേഷിയും വളർത്തൽ</td><td>ആഴ്ചയിൽ ഒരു ദിവസം ഗണിത ക്വിസ് 10 ചോദ്യങ്ങൾ വർഷാവസാനം എല്ലാ ചോദ്യങ്ങളും ഉൾപ്പെടുത്തി പതിപ്പ്.</td><td>വഷം മുഴുവൻ</td><td>ഗണിത ക്ലബ്ബ്</td></tr>
</table>

ജി.എച്ച്.എസ്.എൽ.പി.എസ്, മട്ടാഞ്ചേരി

“സമഗ്ര വിദ്യാലയ വികസന രേഖ”

മാത്ര്കാസ്കൂൾ മാസ്റ്റർ പ്ലാൻ